# ആകർഷകമായ ലാഭം; പെരിയാർ വില്പനക്ക്


**ഡോ. സി.എം. ജോയി**

നാട്ടിലെ പൊതുജനങ്ങളുടെ പ്രശ്നങ്ങളോട് പ്രതികരിക്കാതെ മണൽ വാരൽ കൊണ്ടും, മലിനീകരണം കൊണ്ടും, വേനൽക്'ആല നീരൊഴുക്കില്ലാതെയും മരിച്ചുകൊണ്ടിരിക്കുന്ന ഒരു നദിയെ രക്ഷിക്കാനാതെ അതിനെ വില്പനക്കായി ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റിൽ അവതരിപ്പിക്കുകയാണ്. 2003 ജനവരി മാസത്തിൽ കൊച്ചിയിൽ നടക്കുന്ന ആഗോള മുതൽമുടക്ക് മേളയിൽ 330 കോടി രൂപ മുതൽ മുടക്ക് പ്രതീക്ഷിക്കുന്ന വ്യവസായ ജലവിതരണ പദ്ധതി അത്യാകർഷകമാക്കി പ്രത്യക്ഷപ്പെടുത്തുവാനുള്ള നീക്കങ്ങൾ അണിയറയിൽ നടക്കുകയാണ്. പദ്ധതി മന്ത്രിസഭയുടെ ചർച്ചക്ക് വന്നിട്ടില്ലെന്ന് മുഖ്യമന്ത്രി ആണയിടുമ്പോൾ പദ്ധതിയുമായി ഒട്ടേറെ മുന്നേറ്യതായി വ്യവസായ മന്ത്രി പറയുന്നു. ഈ പദ്ധതിക്കായി ആഗോള ടെണ്ടർ വിളിക്കുകയും അതിനാട് ദേശീയ വിദേശീയ ഏജൻസികൾ പ്രതികരിക്കുകയും അവരുടെ ആവശ്യപ്രകാരം കൂടുതൽ സമയം കൊടുക്കുകയും ചെയ്തിരിക്കുകയാണെന്നാണ് വ്യവസായമന്ത്രി പറയുന്നത്.

കേരളത്തിലെ ഏറ്റവും വലിയ നദിയായ പെരിയാറിൽ നിന്നും 2 കോടി ലിറ്റർ ജലം ഏറ്റെടുക്കുവാനും അത് ശുചീകരിച്ച് 1000 ലിറ്ററിന് 15 രൂപ വനിരക്കിൽ വ്യവസായ ശാലകൾക്കോ മറ്റാലവശ്യങ്ങൾക്കോ നൽകുകയെന്നതാണ് കൊച്ചി വ്യവസായ ജലവിതരണ പദ്ധതി. ഈ പദ്ധതിയുടെ കരാറനുസരിച്ച് കേരളസംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ നോഡൽ ഏജൻസിയായി പ്രവർത്തിക്കുമെന്നും കേരള വാട്ടർ അതോറിറ്റി ഇതിനോട് സഹകരിക്കുമെന്നും പറയുന്നു. കേരള വാട്ടർ അതോറിറ്റിയുടെ അധികമുള്ള സ്ഥലങ്ങളും, ജലശുചീകരണ പ്ലാന്റുകളും, പൈപ്പ് ലൈനുകളും പുതിയ പദ്ധതിയ്ക്കായി സ്വകാര്യ ഏജൻസികൾക്ക് തീറെഴുതി നൽകുകയാണ്. അടുത്ത 20 വർഷത്തേക്കായിരിക്കും കരാർ. 206 കോടി ലിറ്റർ എടുക്കുവാനുള്ള അവകാശമാണ് സ്വകാര്യ ഏജൻസിക്ക് ഉണ്ടാകുകയെങ്കിലും അവർ എത്രജലമെടുക്കുന്നു എന്നത് പരിശോധിക്കുവാനുള്ള ഒരു സംവിധാനവും കരാറിലില്ല. ഇത്രയും ജലം പെരിയാറിൽ നിന്നെടപൂക്കുവാൻ സ്വകാര്യകമ്പനിക്കായില്ലെങ്കിൽ മറ്റു ജലസ്രോതസ്സുകൾ കമ്പനിക്കുപയോഗിക്കാനുള്ള അനുവാദവും നൽകുന്നുണ്ട്. ഏതാനും സർക്കാർ ഉദ്യോഗസ്ഥന്മാരും കമ്പനിയുടെ ആളുകളും ചേർന്ന് ബോർഡിന് ഇഷ്ടാനുസരണം ജലത്തിന്റെ വില കൂട്ടുവാനുള്ള അധികാരവും ഉണ്ടായിരിക്കുമത്രെ!

ഇപ്പോൾ തന്നെ സ്വന്തം നിലയിൽ ജലം എടുക്കുവാനുള്ള സംവിധാനമുള്ളതിനാലും കൂടുതൽ വില നൽകേണ്ടി വരുന്നതിനാലും വ്യവസായശാലകൾ പുതിയ പദ്ധതിയിൽ നിന്ന് ജലം വേണ്ടെന്ന് പറയുന്നു. അതുകൊണ്ട് 330 കോടി രൂപ. മുതൽമുടക്കുന്ന കമ്പനിയ്ക്ക് ജലവിതരണത്തിനായി മറ്റുപോംവഴികൾ സർക്കാർ ഉണ്ടാക്കിക്കൊടുക്കേണ്ടിവരും. പൊതുജലവിതരണമുൾപ്പെടെ മറ്റു പല നിർദ്ദേശങ്ങളും സ്വകാര്യക്കമ്പനികൾക്കുമുമ്പിലുണ്ട്.

പെരിയാറിൽ നടത്തിയിട്ടുള്ള പല പഠനങ്ങളും ഇനിയും മറ്റുപയോഗങ്ങൾക്കായി നദിയിൽ ജലമില്ലെന്നു പറയുന്നു. കഴിഞ്ഞ ഏതാനും ദിവസങ്ങളായി 28ലക്ഷത്തിലധികം ആളുകൾ കടിവെള്ളത്തിൽ ഉപ്പ് രുചിക്കുന്നത് അതിന് തെളിവാണ്. കൊടും വേനലിൽ മാത്രം



(ഏപ്രിൽ-മെയ്) പ്രത്യക്ഷപ്പെട്ടിരുന്ന ഒരു വെള്ളക്കയറ്റം നവംബർ ഡിസംബർ മാസത്തിൽ ഉണ്ടായത് നദിയിൽ വേണ്ടത്ര ഒഴുക്കില്ലാത്തതിനാലാണ്. കേരളത്തിലെ പരിസ്ഥിതി ആഘാതം നേരിട്ടുകൊണ്ടിരിക്കുന്ന നദികളിൽ പെരിയാർ ഒന്നാം സ്ഥാനത്താണ്. പെരിയാറിന്റെ വൃഷ്ടിപ്രദേശത്തെ വനം കൊള്ളയും പെരിയാറിന്റെ തീരത്തുള്ള 46 തദ്ദേശസ്വയംഭരണ പ്രദേശങ്ങളിലെയും മണൽവാരലും പെരിയാറിലെ വേനൽക്കാല ഒഴുക്കിനെ സാരമായി ബാധിച്ചിട്ടുണ്ട്. കൊച്ചിക്കായലിൽ നിന്നുള്ള ഓരുവെള്ളം കയറ്റത്തെ ചെറുത്തുനിൽക്കുവാനുള്ള ഒഴുക്ക് ഇന്ന് പെരിയാറിലില്ല. അതിനാലാണ് കായലിൽ നിന്ന് 15 കി.മി അകലെയുള്ള പൊതുജലപമ്പിംഗ് സ്റ്റേഷനടുത്ത് വരെ ഉപ്പുവെള്ളം കയറുകയും ലക്ഷക്കണക്കിനാളുകൾക്ക് ഉപ്പുവെള്ളം കടിക്കേണ്ട ഗതികേട് വരുകയും ചെയ്തിരിക്കുന്നത്. കൊച്ചിസർവ്വകലാശാലയിൽ നടന്നിട്ടുള്ള പഠനങ്ങളുടെ വെളിച്ചത്തിൽ വ്യവസായമേഖലയിൽ നിന്നുള്ള മലിനജലം നേർപ്പിച്ച് വിഷമയമല്ലാത്ത രീതിയിൽ ഒഴുകവാൻ നദിയിൽ ഒഴുക്കില്ലാതെ വരുമ്പോഴാണ് പെരിയാറിൽ മത്സ്യക്കുരുതി നടക്കുന്നതെന്ന് തെളിഞ്ഞിട്ടുണ്ട്.

പുഴയിലെ ഓരുവെള്ളക്കയറ്റം തടയുവാൻ പുതിയ പദ്ധതി പ്രകാരം പാതാളത്തും, മഞ്ഞുമ്മലും, പുറപ്പിള്ളിക്കാവിലും സ്വകാര്യക്കമ്പനി റെഗുലേറ്റീ കം ബ്രിഡ്ജ് നിർമ്മിക്കുമെന്ന് സർക്കാർ അവകാശപ്പെടുന്നു. ഉപ്പുവെള്ള ഭീഷണിയില്ലെങ്കിൽ പിന്നെ എന്തിനാണ് സ്വകാര്യക്കമ്പനി ഇപ്പോൾ പൊതുജലവിതരണത്തിനായി വെള്ളമെടുക്കുന്നതിന് മുകളിൽ നിന്ന് വെള്ളമെടുക്കുന്നത്? താഴെ നിന്ന് ജലമെടുത്താലും മതിയല്ലോ? 700 ദശലക്ഷം ലിറ്ററാണ് ആലുവായിലെ പെരിയാറിലെ ഒഴുക്ക്. 250 ദശലക്ഷം ലിറ്റർ പുതിയ പദ്ധതിക്കായി ഉപയോഗിക്കുമ്പോൾ അത് 30 ശതമാനത്തിലധികമാകും. സർക്കാർ പറയുന്ന 2 ശതമാനമല്ല.

ഇടുക്കി ജലവൈദ്യുത പദ്ധതിക്കായി 1000 ദശലക്ഷം ലിറ്റർ ജലം മൂവാറ്റുപുഴയാറിലേക്ക് തിരിച്ചുവിട്ടതും പെരിയാറിൽ നിർമ്മിച്ച 14 അണക്കെട്ടുകളും പെരിയാറിൽ വേനൽക്കാല ഒഴുക്കിന് തടസ്സമായി. ഈ സാഹചര്യത്തിലാണ് പുതിയ പദ്ധതി 206 കോടി ലിറ്റർ ജലമെടുക്കുവാനുള്ള അനുവാദം വാങ്ങി കണക്കില്ലാതെ ജലമെടുത്താൽ പെരിയാറിൽ കൊച്ചിക്കായലിൽ നിന്ന് 35 കി.മി അകലെയുള്ള കാലടി വരെ പോലും ഉപ്പുവെള്ള ഭീഷണിയുണ്ടാകും എന്ന് വിദഗ്ധർ ചൂണ്ടിക്കാണിക്കുന്നത്.

പെരിയീറിലെ വെള്ളം വിറ്റ് സർക്കാറിന് 176 കോടി രൂപ ലാഭം കിട്ടുമെന്നാണ് അവകാശ്പപെടുന്നത്. കിണർ കഴിച്ചാൽ ഉപ്പുവെള്ളം ലഭിക്കുന്ന കൊച്ചിമേഖലയാകെ പൂർണ്ണമായും ജല ഉപയോഗത്തിന് പെരിയാറിനെ ആണ് ആശ്രയിക്കുന്നത്. പുതിയ പദ്ധതിക്കായി ജലമെടുത്ത് പെരിയാറിൽ ഉപ്പുവെള്ളം കയറി പൊതുജലവിതരണം തകരാറിലായാൽ കടിവെള്ളവിതരണം സർക്കാറിന്റെ ചുമതലയിലാകും. അതിനായി 176 കോടി രൂപ മതിയാകുമോ? പെരിയാറിന്റെ തീരത്തുള്ള പഞ്ചായത്തുകൾ മണൽ വാരി ലാഭമുണ്ടാക്കിയതിന്റെ പേരിൽ കിണറുകളും പാടശേഖരങ്ങളും വറ്റിവരണ്ടുപോയതിനാൽ പൊതുജനങ്ങൾക്ക് വേനൽക്കാലങ്ങളിൽ കടിവെള്ളവിതരണത്തിനായിക്കിട്ടിയ ലാഭത്തേക്കാളേറെ രൂപ ഓരോ വർഷവും ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതായി പഞ്ചായത്തുകളുടെ കണക്കുകൾ കാണിക്കുന്നു.

89 ശതമാനം ഓഹരികൾ സ്വകാര്യക്കമ്പനികൾക്കും 11 ശതമാനം ഓഹരി സർക്കരിനുമുള്ള ഈ പദ്ധതിയുടെ ചെയർമാനെ സർക്കാർ നിശ്ചയിച്ചാൽ പോലും സ്വകാര്യക്കമ്പനിയുടെ താൽപര്യം മാത്രമേ സംരക്ഷിക്കപ്പെടുകയുള്ളൂ. 330കോടി രൂപ മുതൽ മുടക്കുന്ന ഒരു സ്വകാര്യക്കമ്പനി പൊതുതാൽപര്യം സംരക്ഷിക്കുമെന്ന് സർക്കാർ പറയുന്നത് വിശ്വസിക്ക വയ്യ. പതിറ്റാണ്ടുകളായി പെരിയാറിലെ ഒഴുക്കിനെക്കുറിച്ച് പഠനം നടത്തുന്ന സെൻട്രൽ വാട്ടർ കമ്മീഷനെ ഒഴിവാക്കി ഐ.എഫ്.സി, കിറ്റ്കോ എന്നീ സ്ഥാപനങ്ങളെ പരിസ്ഥിതി ആഘാത പഠനം നടത്താൻ സർക്കാർ ഏൽപ്പിച്ചുവെന്നും അവർ പദ്ധതിക്ക് അനുകൂലമായി വിധിയെഴുതിയെന്നുമാണ് സർക്കാർ പറയുന്നത്. എന്നാൽ ഐ.എഫ്.സിയും കിറ്റ്കോയും പരിസ്ഥിതി ആഘാത പഠനം നടത്തുവാൻ പ്രാപ്തമായ സ്ഥാപനങ്ങളല്ല. പെരിയാർ മലിനീകരണത്തെക്കുറിച്ചോ, വോനൽക്കാല ഒഴുക്കിനെക്കുറിച്ചോ, ഒന്നും പഠനം നടത്തിയതായി സർക്കാർ പറയുന്നില്ല. അതിന്റെ ഫലങ്ങൾ പ്രസിദ്ധീകരിച്ചിട്ടുമില്ല. ഈ സാഹചര്യത്തിൽ പദ്ധതിയുമായി മുന്നോട്ട് പോകുന്നത് ജനവിരുദ്ധനയമാണ്. ആരൊക്കെയോ വനം കൊള്ള നടത്തിയും മണൽ ഊറ്റു നടത്തിയും പെരിയാറിലെ ഒഴുക്ക് കുറച്ചതിന് ഇന്ന് ലക്ഷക്കണ്കകിനാളുകൾ ഉപ്പുവെള്ളം കടിക്കുന്നു. ഈ സ്ഥിതി ഇനിയും വഷളാകാതിരിക്കുവാൻ പുതിയ പദ്ധതി ഉപേക്ഷിക്കുകയേ നിവൃത്തിയുള്ളൂ.

## ദേശീയ അവാർഡിന്റെ തിളക്കവുമായി പി. ജി. ദിനേഷ്



തൃശ്ശൂർ: കേന്ദ്ര ലളിതകലാ അക്കാദമിയുടെ 2002ലെ ദേശീയ അവാർഡിന് പി. ജി. ദിനേഷ് അർഹനായി. ദിനേഷിന്റെ 'ഒബ്ജക്ട് ഇൻസ്പേസ്' എന്ന സൃഷ്ടിക്കാണ് അവാർഡ്. 2051 എൻട്രികളിൽ നിന്നും തിരഞ്ഞെടുത്ത് പ്രദർശിപ്പിച്ച 85 സൃഷ്ടികളിൽ നിന്നും തിരഞ്ഞെടുത്ത മികച്ച സൃഷ്ടികളിലൊന്നായാണ് ദിനേഷിന്റെ സൃഷ്ടി അംഗീകരിക്കപ്പെട്ടത്. ഗൗഹട്ടിയിലെ ശ്രീമന്തശങ്കരദേവ കലാക്ഷേത്രത്തിൽ അസം സാംസ്കാരിക മന്ത്രി അവാർഡ് സമ്മാനിച്ചു. തൃശ്ശൂർ ജില്ലയിലെ ചൊവ്വൂർ സ്വദേശിയാണ് ദിനേഷ്.

